STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.103/PR/SPMC/PHQ/2023 Date:21.10.2023

**വീരചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു**

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രം ശ്രദ്ധാഞ്ജലി അർപ്പിച്ചു.

തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്തെ ധീരസ്മൃതിഭൂമിയിൽ സംസ്ഥാന പോലീസ് മേധാവി ഡോ.ഷെയ്ഖ് ദർവേഷ് സാഹിബ് പുഷ്പചക്രം അർപ്പിച്ചു. സായുധരായ പോലീസ് സേനാംഗങ്ങൾ വീരചരമം പ്രാപിച്ച ഓഫീസർമാരുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിച്ച് സല്യൂട്ട് ചെയ്തു. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

എല്ലാ വർഷവും ഒക്ടോബർ 21 നാണ് രാജ്യവ്യാപകമായി പോലീസ് സ്മൃതിദിനം ആചരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ രാജ്യത്ത് 188 പോലീസ് ഉദ്യോഗസ്ഥരാണ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ജീവൻ വെടിഞ്ഞത്. ഇതിൽ കേരളത്തിൽ നിന്ന് രണ്ട് പേർ ഉൾപ്പെടുന്നു. ചീട്ടുകളി സംഘത്തെ പിടികൂടാൻ ശ്രമിക്കവേ കോട്ടയത്ത് കെട്ടിടത്തിന്റെ മുകളിൽ നിന്നുവീണു മരിച്ച സബ് ഇൻസ്പെക്ടർ ജോബി ജോർജ്ജ്, ഔദ്യോഗികാവശ്യത്തിനായി സഞ്ചരിക്കവേ താനൂർ ബോട്ടപകടത്തിൽ മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസർ എം.പി സബറുദ്ധീൻ എന്നിവരാണ്.

(ചടങ്ങിന്റെ ഫോട്ടോ, വിഷ്വൽസ് എന്നിവ ഇതോടൊപ്പം)

************************